<u>27.5.2017 ൽ ചേർന്ന ഭരണപരിഷ്കാര കമ്മിഷന്റെ ആറാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്</u>

യോഗം വൈകുന്നേരം 3.30 ന് ആരംഭിച്ചു.കമ്മിഷൻ അംഗങ്ങളായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ, മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കമ്മീഷന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെക്കുറിച്ച് യോഗം വിലയിരുത്തി. കഴിഞ്ഞ യോഗത്തിൽ തീരുമാനിച്ച ചില കാര്യങ്ങളിൽ വേണ്ടത്ര മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. അതേപോലെ, സ്ഥാപനതല കമ്മിറ്റികൾക്കുള്ള മാർഗ്ഗരേഖയിൽ അതത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് മുൻകാല കമ്മിഷനുകൾ ചൂണ്ടിക്കാണിച്ച വസ്തുതകൾ ക്രോഡീകരിക്കുന്നതോടൊപ്പം അവർ നൽകുന്ന സേവനങ്ങളിൽ വീഴ്ച വരുത്തുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളിലേക്കുമാണ് നാം കടന്നു ചെല്ലേണ്ടത്.മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ വകുപ്പുതല കമ്മിറ്റികൾ നൽകുന്ന വിവരങ്ങൾ ക്രോഡീകരിക്കാൻ എളുപ്പമാവണം. ചോദ്യാവലികൾ തയ്യാറാക്കുന്നതിനും കിട്ടിയ മറുപടികൾ ക്രോഡീകരിക്കുന്നതിനും വിദഗ്ധ സേവനം ആവശ്യമാണ്. ഐ.എം.ജിയെ മാത്രം ആശ്രയിച്ച് നമ്മുടെ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല എന്നതിനാൽ പകരം സംവിധാനത്തെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. വിദഗ്ധസമിതികളുടെ രൂപീകരണത്തിന് അടുത്ത കമ്മിഷൻ യോഗം വരെ കാത്തിരിക്കേണ്ടതില്ല എന്നീ കാര്യങ്ങൾ ചെയർമാൻ ആമുഖമായി ചൂണ്ടിക്കാട്ടി.

പാർശ്വവൽകൃതർ, ദുർബ്ബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനുള്ള ക്ഷേമ നിയമങ്ങളുടെ നടപ്പാക്കലും സ്ഥാപനങ്ങളുടെ നടത്തിപ്പും എന്ന വിഷയവും പൊതുജനങ്ങൾക്കുള്ള വിവരം നൽകൽ/പൊതുജനങ്ങളുടെ പരാതി പരിഹാര സംവിധാനം എന്നിവയുടെ അവലോകനം എന്ന വിഷയവും കമ്മിഷന്റെ മുൻഗണനാ വിഷയങ്ങളായി നിശ്ചയിച്ച് പഠനം നടത്തുന്നതിന് കഴിഞ്ഞ യോഗത്തിൽ തീരുമാനിച്ചിരുന്നതനുസരിച്ച് ഡോ.മൃദുൽ ഈപ്പൻ (ആസൂത്രണ ബോർഡ് അംഗം), ഡോ.ഡി.നാരായണ (ഡയറക്ടർ,GIFT),ഡോ.ഹരികുമാർ (സംസ്ഥാന വികലാംഗ കമ്മീഷണർ), ഡോ.കിരൺ (സംസ്ഥാന നോഡൽ ഓഫീസർ, മെന്റൽ ഹെൽത്ത് പ്രോഗ്രാം) ഡോ.പി.കെ.ബി.നായർ (സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ്), അഡ്വ. നസീർ ചാലിയം എന്നിവരെ ചർച്ചക്കായി ക്ഷണിക്കുകയും 26.7.2017 ൽ പ്രാഥമിക ചർച്ചകൾ നടത്തുകയുണ്ടായെന്ന് കമ്മിഷൻ അംഗം ശ്രീമതി നീലാ ഗംഗാധരൻ യോഗത്തെ അറിയിച്ചു. മേൽപറഞ്ഞ വിദഗ്ധരെ ഉൾപ്പെടുത്തി പാർശ്വവൽകൃതർ, ദുർബ്ബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനുള്ള ക്ഷേമ നിയമങ്ങളുടെ നടപ്പാക്കലും സ്ഥാപനങ്ങളുടെ നടത്തിപ്പും എന്ന വിഷയത്തിനായുള്ള വിദഗ്ധസമിതി രൂപീകരിക്കാവുന്നതാണെന്നും കമ്മീഷൻ അംഗം അഭിപ്രായപ്പെട്ടു.

വിജിലൻസ് സംവിധാനം പുനരവലോകനം ചെയ്യുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ കമ്മീഷൻ അംഗം ശ്രീ.സി.പി.നായർ വിശദീകരിച്ചു. ഇത് സംബന്ധിച്ച കരട് റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ വിദഗ്ധ സമിതിക്ക് സമർപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം അറിയിച്ചു.

സർക്കാർ സർവീസിലെ ശേഷി വികസനം സംബന്ധിച്ച പഠനം മുമ്പ് നിശ്ചയിച്ചതുപോലെ പുരോഗമിക്കുന്നുവെന്നും സർക്കാരിലുള്ള പരിശീലന സ്ഥാപനങ്ങൾ സന്ദർശിച്ച് വിവരശേഖരണം നടത്തുന്നതുൾപ്പെടെയുള്ള നടപടികൾ അവസാന ഘട്ടത്തിലാണെന്നും വിദഗ്ധ സമിതിയുടെ യോഗം 5.6.2017 ൽ കൂടുന്നതാണെന്നും ഈ പഠനത്തിന് നേതൃത്വം നൽകുന്ന കമ്മിഷൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീല തോമസ് അറിയിച്ചു. പഠന റിപ്പോർട്ടും ശുപാർശകളും സമയബന്ധിതമായി പൂർത്തിയാക്കി സമർപ്പിക്കാൻ കഴിയുമെന്നും മെമ്പർ സെക്രട്ടറി അറിയിച്ചു.

തുടർന്ന് അജണ്ടയിലെ മറ്റു വിഷയങ്ങൾ ഒരോന്നായി ചർച്ച ചെയ്യുകയും താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. 6.4.2017 ലെ കമ്മീഷന്റെ അഞ്ചാമത് യോഗത്തിന്റെ മിനിട്സ് അംഗീകരിച്ചു.

2. ജൂൺ മാസത്തിൽ നടത്താൻ നിശ്ചയിച്ചിരുന്ന സെമിനാറുകൾ സംബന്ധിച്ച തിയതികൾ പിന്നീട് അനുയോജ്യമായ സമയത്ത് നടത്താം എന്നു തീരുമാനിച്ചു.

3. മലയാളം ഔദ്യോഗിക ഭാഷ- പ്രശ്നങ്ങളും പരിഹാരങ്ങളും സംബന്ധിച്ച റിപ്പോർട്ട് വിലയിരുത്തി.

4. ഡോ.മൃദുൽ ഈപ്പൻ (ആസൂത്രണ ബോർഡ് അംഗം), ഡോ.ഡി.നാരായണ (ഡയറക്ടർ,GIFT),ഡോ.ഹരികുമാർ(സംസ്ഥാന വികലാംഗ കമ്മീഷണർ),ഡോ.കിരൺ (സംസ്ഥാന നോഡൽ ഓഫീസർ, മെന്റൽ ഹെൽത്ത് പ്രോഗ്രാം),ഡോ. പി.കെ.ബി. നായർ (സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ്), അഡ്വ. നസീർ ചാലിയം എന്നിവരെ ഉൾപ്പെടുത്തി പാർശ്വവൽകൃതർ, ദുർബ്ബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനുള്ള ക്ഷേമ നിയമങ്ങളുടെ നടപ്പാക്കലും സ്ഥാപനങ്ങളുടെ നടത്തിപ്പും എന്ന വിഷയത്തിനായുള്ള വിദഗ്ധസമിതി രൂപീകരിക്കാനും, സമിതിയുടെ പ്രവർത്തനത്തിന് ആവശ്യമായ പിന്തുണ നൽകുവാനും തിരുമാനിച്ചു.

5. പൊതുജനങ്ങൾക്കുള്ള വിവരം നൽകൽ/പൊതുജനങ്ങളുടെ പരാതി പരിഹാര സംവിധാനം എന്നിവയുടെ അവലോകനം എന്ന വിഷയത്തിൽ വിദഗ്ധ സമിതി അടിയന്തരമായി രൂപീകരിക്കാൻ തീരുമാനിച്ചു.

6. വകുപ്പ് തല/ സ്ഥാപന തല കമ്മിറ്റികൾക്കുള്ള മാർഗ്ഗരേഖ നിർദ്ദേശിക്കപ്പെട്ട ഭേദഗതികളോടെ അന്തിമമാക്കുന്നതിന് മെമ്പർ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

7. സർക്കാർ സർവീസിലെ ശേഷി വികസനം സംബന്ധിച്ച പഠനം മുമ്പ് നിശ്ചയിച്ചതുപോലെ പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചു.

8. വിദഗ്ധസമിതിയിലെ അംഗങ്ങൾക്ക് ഹോണറേറിയം നൽകുന്നതിനുള്ള വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് മെമ്പർ സെക്രറിയെ ചുമതലപ്പെടുത്തി.

9. കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ഔദ്യോഗിക ഉപയോഗത്തിന് പുതിയ വാഹനം വാങ്ങുന്നതിന് സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

10. കമ്മീഷൻ ചെയർമാനും അംഗങ്ങൾക്കും ഔദ്യോഗിക വാഹനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത് ടൂറിസം വകുപ്പ് മുഖേനയാണ്. എന്നാൽ കമ്മീഷൻ മെമ്പർമാർക്ക് ആവശ്യമായ സമയങ്ങളിൽ വാഹനം ഏർപ്പെടുത്തുന്നതിൽ ചില വീഴ്ചകൾ ഉള്ളതായി കമ്മീഷൻ അംഗം ശ്രീ.സി.പി. നായർ ശ്രദ്ധയിൽപ്പെടുത്തി. ചീഫ് സെക്രട്ടറി പദവിയിലുള്ള കമ്മീഷൻ അംഗങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചുമതല ടൂറിസം വകുപ്പിലെ മുതിർന്ന ഒരു ഉദ്യോഗസ്ഥനെ ഏൽപിച്ചുകൊണ്ട് നോഡൽ ഓഫീസറായി നിയോഗിക്കുന്നത് മേൽപറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായകമാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ നിർദ്ദേശം പരിഗണിച്ച് ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ടൂറിസം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയോട് ആവശ്യപ്പെടാൻ കമ്മീഷൻ തീരുമാനിച്ചു.

11. വിജിലൻസ് സംവിധാനം പുനരവലോകനം ചെയ്യുന്ന വിഷയത്തിലുള്ള വിദഗ്ധ സമിതിയിൽ ശ്രീ.പി.കെ.കേശവൻ ഐ.എഫ്.എസ്, ഡോ.വി.വേണു ഐ.എ.എസ് എന്നിവരെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

12. കമ്മീഷന്റെ 7-ാമത് യോഗം 03.07.2017 വൈകുന്നേരം 3.30 ന് ചേരുന്നതിന് തീരുമാനിച്ചു.

യോഗം വൈകുന്നേരം 5.30 ന് അവസാനിച്ചു.